പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

പത്തനംതിട്ട ജില്ലയിലെ റോഡ് നിർമ്മാണം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1424 — 16.03.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി) | |
| (എ) | പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം കഴിഞ്ഞ മൂന്നുവർഷങ്ങളിൽ പത്തനംതിട്ട ജില്ലയിൽ നിർമ്മാണാനുമതി നല്കിയ റോഡുകളേതെന്നും ഓരോ റോഡിനും അനുവദിച്ച തുകയും എത്രയെന്നും ഇവയിൽ ഇനിയും നിർമ്മാണം പൂർത്തിയാകാത്ത റോഡ് പ്രവൃത്തികൾ ഏതൊക്കെയെന്നും നിയോജകമണ്ഡലാടിസ്ഥാനത്തിൽ അറിയിക്കാമോ ; | (എ) | പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം കഴിഞ്ഞ മൂന്നുവർഷങ്ങളിൽ പത്തനംതിട്ട ജില്ലയിൽ നിർമ്മാണാനുമതി നൽകിയ റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | അടുത്ത പി.എം.ജി.എസ്.വൈ. പദ്ധതിയിൽ റാന്നി നിയോജകമണ്ഡലത്തിൽനിന്നും ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെ പട്ടികയും തുകയും ലഭ്യമാക്കാമോ; | (ബി) | റാന്നി നിയോജക മണ്ഡലത്തിൽ പി.എം.ജി. എസ്.വൈ –II പ്രകാരം റോഡുകൾ തിരഞ്ഞെടുക്കുന്നതിന് മുന്നോടിയായി ജി.ഐ.എസ്സ് പ്ളാറ്റ് ഫോമിൽ ജില്ലാതലത്തിൽ ഗ്രാമീണറോഡുകളുടെ പ്ളാനുകൾ ((DRRP) Map in GIS – Platform ൽ) ) തയ്യാറാക്കി കേന്ദ്രസർക്കാരിൽ നിന്നും അംഗീകാരം വാങ്ങേതുണ്ട്. ടി പ്രവൃത്തി അന്തിമ ഘട്ടത്തിലുമാണ്. DRRP തയ്യാറാക്കിയതിനു ശേഷം മാത്രമേ പി.എം.ജി. എസ്.വൈ– II പദ്ധതിപ്രകാരമുള്ള റോഡുകൾ തിരഞ്ഞെടുക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | ഇവയ്ക്ക് ഭരണാനുമതി ആയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (സി) | ടി റോഡുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടില്ല. DRRP തയ്യാറാക്കി അംഗീകാരം ലഭിച്ചതിന് ശേഷം മാത്രമേ ഭരണനാനുമതിക്കായി സമർപ്പിക്കാൻ സാധിക്കുകയുള്ളു |
| (ഡി) | റാന്നി നിയോജകമണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ നിർമ്മാണം പൂർത്തിയാകാത്ത റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | (ഡി) | റാന്നി നിയോജക മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ പദ്ധതിയിൽ 4 റോഡുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 2 പ്രവർത്തികൾ 8–ാം ഘട്ടത്തിലുള്ളതാണ്. ഇവ 2014 നവംബറിൽ കരാർ വച്ച് പുരോഗതിയിലാണ്. പിന്നെ ഉള്ള 2 പ്രവർത്തികൾ 7–ാം ഘട്ടത്തിലുള്ളതാണ്. അവയുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## പത്തനംതിട്ട ജില്ലയിൽ കഴിഞ്ഞ 3 വർഷങ്ങളിൽ നിർമ്മാണാനുമതി നൽകിയ പി.എം.ജി.എസ്.വൈ പ്രവർത്തികൾ (അനുബന്ധം 1)

| നം. | ഫെയ്സ് | വർഷം | പാക്കേജ് നം. | ബ്ലോക്ക് | റോഡിന്റെ പേര് | നീളം | അനുവദിച്ച തുക | സ്റ്റാറ്റസ് | നിയോജക മണ്ഡലം |
|---|---|---|---|---|---|---|---|---|---|
| 1 | VII | 2008-09 | KR 11-14 A | പറക്കോട് | എണ്ണശ്ശേരിപ്പടി - സീയോൻ കുന്ന് | 0.875 | 39.870 | പണി പൂർത്തിയായി | അടൂർ |
| 2 | | | KR 11-22 B | പന്തളം | പോസ്റ്റ് ഓഫീസ് പടി - സൊസൈറ്റിപ്പടി | 2.000 | 139.350 | പണി പുരോഗതിയിലാണ് | അടൂർ |
| 3 | | | KR 11-25 | പറക്കോട് | മഞ്ഞാലി - പാണിമലപ്പുറം | 4.005 | 367.310 | പണി പുരോഗതിയിലാണ് | അടൂർ |
| 4 | VIII | 2013-14 | KR 1141 | പറക്കോട് | ഫാക്ടറിപ്പടി - പൊരിയക്കോട് | 2.370 | 155.39 | പണി പുരോഗതിയിലാണ് | അടൂർ |
| 5 | | | KR1150 | പറക്കോട് | പാഴൂർ - ചക്കിമുക്ക് | 4.700 | 369.12 | പണി പുരോഗതിയിലാണ് | അടൂർ |
| 6 | | | KR1152 | പറക്കോട് | ചീറ്റാനിമുക്ക് - മണ്ണടി | 4.700 | 360.39 | പണി പുരോഗതിയിലാണ് | അടൂർ |
| 7 | | | KR 11 54 | പന്തളം | ചിത്ര ജംഗ്ഷൻ - അമ്പലത്തിച്ചിറ | 1.260 | 98.86 | പണി പുരോഗതിയിലാണ് | അടൂർ |
| 8 | | | KR1155 | പന്തളം | മുട്ടാർ - എംഎസ്എം ജംഗ്ഷൻ | 2.400 | 196.71 | പണി പുരോഗതിയിലാണ് | അടൂർ |
| 9 | | | KR 11 56 | പന്തളം | മുണ്ടുകണ്ടം - കുരിശ് | 0.780 | 63.24 | പണി പുരോഗതിയിലാണ് | അടൂർ |
| 10 | VII | 2008-09 | KR 11-16 C | കുളനട | കുളമാപൂഴി - നാൽക്കാലിക്കൽ - കരിമറ്റം | 2.730 | 210.350 | പണി പുരോഗതിയിലാണ് | ആറന്മുള |
| 11 | | | KR 11-17 | ഇലന്തൂർ | പുത്തൻപീടിക ഈസ്റ്റ് - വെട്ടി നിൽക്കുന്നതിൽപ്പടി | 0.806 | 26.550 | പണി പൂർത്തിയായി | ആറന്മുള |
| 12 | | | KR 11-17 | കോയിപ്പുറം | ശാന്തിപുരം - വാളക്കുഴി - കരമല | 2.700 | 155.540 | പണി പൂർത്തിയായി | ആറന്മുള |
| 13 | | | KR 11-17 | ഇലന്തൂർ | തോട്ടുമുകൾ - പെരുമത്ത് | 0.954 | 41.060 | പണി പൂർത്തിയായി | ആറന്മുള |
| 14 | | | KR 11-19 A | റാന്നി | അരയാഞ്ഞിലിമൺ എൽ.പി.എസ് - പെരിങ്ങാവ് | 3.570 | 373.110 | പണി പുരോഗതിയിലാണ് | റാന്നി |
| 15 | | | KR 11-19 B | റാന്നി | നിപ്പോപ്പടി - തട്ടേക്കാട് | 1.980 | 167.790 | പണി പുരോഗതിയിലാണ് | റാന്നി |
| 16 | VIII | 2013-14 | KR 1138 | കോയിപ്പുറം | കോയിപ്പുറം - വലിയനാകുഴി | 3.590 | 225.8 | പണി പുരോഗതിയിലാണ് | റാന്നി |
| 17 | | | KR 11 45 | മല്ലപ്പള്ളി | മാരുംകുളം - നിർമ്മലപുരം | 2.070 | 183.24 | പണി പുരോഗതിയിലാണ് | റാന്നി |

## പത്തനംതിട്ട ജില്ലയിൽ കഴിഞ്ഞ 3 വർഷങ്ങളിൽ നിർമ്മാണാനുമതി നൽകിയ പി.എം.ജി.എസ്.വൈ പ്രവർത്തികൾ (അനുബന്ധം 1)

| നം. | ഫെയ്സ് | വർഷം | പാക്കേജ് നം. | ബ്ലോക്ക് | റോഡിന്റെ പേര് | നീളം | അനുവദിച്ച തുക | സ്റ്റാറ്റസ് | നിയോജക മണ്ഡലം |
|---|---|---|---|---|---|---|---|---|---|
| 18 | VII | 2008-09 | KR'11-14 C | പറക്കോട് | കൂടൽ - പല്ലൂർ | 1.600 | 125.140 | പണി പൂർത്തിയായി | കോന്നി |
| 19 | | | KR 11-18 B | റാന്നി | മൺപിലാവ് - നിലിപിലാവ് | 1.350 | 129.760 | പണി പൂർത്തിയായി | കോന്നി |
| 20 | | | KR 11-20 A | റാന്നി | ആങ്ങമൂഴി - കോട്ടമൺപാറ | 2.785 | 290.020 | പണി പുരോഗതിയിലാണ് | കോന്നി |
| 21 | | | KR 11-20 B | റാന്നി | കോട്ടമൺപാറ - മണക്കയം | 3.665 | 464.780 | പണി പൂർത്തിയായി | കോന്നി |
| 22 | | | KR 11-26 A | പറക്കോട് | പുന്നമൂട് - വട്ടുതറ | 1.035 | 127.880 | പണി പൂർത്തിയായി | കോന്നി |
| 23 | | | KR 11-29 | കോന്നി | മണ്ണാറക്കുളഞ്ഞി - കാവനാൽ | 4.095 | 215.760 | പണി പൂർത്തിയായി | കോന്നി |
| 24 | | | KR 11-30 A | കോന്നി | ചേന്നാട്ടുപടി - മേടപ്പാറ | 2.112 | 173.580 | പണി പൂർത്തിയായി | കോന്നി |
| 25 | VIII | 2013 - 14 | KR 1134 | കോന്നി | വെൺമേലിപ്പടി - പുതിയകാവ് | 1.732 | 144.05 | പണി പുരോഗതിയിലാണ് | കോന്നി |
| 26 | | | KR 1139 | പറക്കോട് | പാറക്കൽ - മങ്ങാട് വെസ്റ്റ് | 2.550 | 159.62 | പണി പുരോഗതിയിലാണ് | കോന്നി |
| 27 | | | KR 1140 | പറക്കോട് | പാടം - പോത്തുപാറ | 4.770 | 344.76 | പണി പുരോഗതിയിലാണ് | കോന്നി |
| 28 | | | KR 1143 | റാന്നി | വയ്യാറ്റുപുഴ - തേരകത്തുമണ്ണ് | 2.220 | 176.93 | പണി പുരോഗതിയിലാണ് | കോന്നി |
| 29 | | | KR1151 | പറക്കോട് | നെടുമൺകാവ് - അയിരുകൽ | 2.460 | 188.94 | പണി പുരോഗതിയിലാണ് | കോന്നി |
| 30 | III | 2003-04 | KR 11-04(C-1) | പുളിക്കീഴ് | മേപ്രാൽ - തണങ്ങാട് | 0.820 | 68.79 | പണി പുരോഗതിയിലാണ് | തിരുവല്ല |
| 31 | | | KR 11-04(C-2) | പുളിക്കീഴ് | അയ്യനാവേലി - മുണ്ടപ്പള്ളി | 0.910 | 71.82 | പണി പുരോഗതിയിലാണ് | തിരുവല്ല |
| 32 | VII | 2008-09 | KR 11-27 A | മല്ലപ്പള്ളി | ചക്കാട്ടുപടി - പാട്ടുപുരയിടം | 2.220 | 181.290 | പണി പൂർത്തിയായി | തിരുവല്ല |
| 33 | | | KR 11-27 B | മല്ലപ്പള്ളി | മുറ്റത്തുമാവ് - അട്ടക്കുളം | 1.800 | 172.290 | പണി പൂർത്തിയായി | തിരുവല്ല |
| 34 | | | KR 11-28 A | മല്ലപ്പള്ളി | കുളങ്ങര - കുമാരമംഗലം | 2.100 | 188.550 | പണി മുടങ്ങിക്കിടക്കുന്നു. | തിരുവല്ല |
| 35 | | | KR 11-28 B | മല്ലപ്പള്ളി | ചെങ്ങരൂർ - പുതുശ്ശേരി | 2.000 | 148.150 | പണി പുരോഗതിയിലാണ് | തിരുവല്ല |
| 36 | VIII | 2013-14 | KR 1136 | കോയിപ്പുറം | കല്ലിശ്ശേരി - കവുങ്ങുംപ്രയാർ | 2.500 | 196.41 | പണി പുരോഗതിയിലാണ് | തിരുവല്ല |
| 37 | | | KR 1137 | കോയിപ്പുറം | പടുതോട് - കുഴിക്കാട് | 2.280 | 138.04 | പണി പുരോഗതിയിലാണ് | തിരുവല്ല |
| 38 | | | KR 1144 | മല്ലപ്പള്ളി | പരിയാരം - പാറക്കടവ് | 3.070 | 202.48 | പണി പുരോഗതിയിലാണ് | തിരുവല്ല |

Dy

<u>അനുബന്ധം. 2</u>

**<u>കെ.ആർ. 11 19 എ – അരയാഞ്ഞിലിമൺ എൽ.പി.എസ്</u>** – പെരിങ്ങാവ് റോഡ് :പദ്ധതിയുടെ തുടക്കത്തിൽ ആവശ്യമായ വീതി ലഭ്യമാകുന്നതിന് തടസ്സമുണ്ടായിരുന്നു, ആയത് ഇപ്പോൾ പരിഹരിച്ചിട്ടുണ്ട്. വനം വകുപ്പിന്റെ ഒരു മരം റോഡ് നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്നത് മുറിച്ച് മാറ്റുന്നതിനായി വനം വകുപ്പുമായി ബന്ധപ്പെട്ട് ഏകദേശം പരിഹരിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ പുരോഗതിക്ക് തടസ്സമായി നിൽക്കുന്ന എരുമേലി സെക്ഷൻ പരിധിയിലുള്ള ഇല്ക്ട്രിക്കൽ യൂട്ടിലിറ്റീസ്, ഷിഫ്റ്റിംഗ് ചാർജ്ജ് അടച്ചിട്ടും നാളിതുവരെ മാറ്റിയിട്ടില്ല. ജില്ല കളക്ടർ അധ്യക്ഷനായുള്ള പി.എം.സി മീറ്റിംഗിൽ നിരന്തരം ഈ വിഷയം ഉന്നയിച്ചിട്ടുള്ളതും, അദ്ദേഹം കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. പ്രവർത്തി ഈ വർഷം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

<u>കെ.ആർ. 11 19 ബി – ഡിപ്പോപ്പടി – തട്ടേക്കാട് റോഡ്.</u> :വർക്ക് പുരോഗതിയിലാണ്. പ്രവർത്തിയുടെ ആരംഭ ഘട്ടത്തിൽ ആവശ്യമായ വീതി ലഭിക്കുന്നതിനും, ഗ്രേഡിയന്റ് ലഭിക്കുന്നതിനും തടസ്സമുണ്ടായിരുന്നു. ഇപ്പോൾ അതെല്ലാം പരിഹരിച്ചിട്ടുണ്ട്. ഈ വർഷം ജൂൺ അവസാനത്തോടെ പദ്ധതി പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

Dy